# പതിനാലാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2019-2021)

## എഴുപത്തിമൂന്നാമത്. റിപ്പോർട്ട്

(2021 ജനുവരി മാസം .21..-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2014-2016) യുടെ അറുപത്തിമൂന്നാമത്
റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021


Rs.

# പതിനാലാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2019-21)

എഴുപത്തിമൂന്നാമത്... റിപ്പോർട്ട്

(2021 ജനവരി മാസം ..21..-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2014-2016) യുടെ അറുപത്തിമൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]

Rs.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | I |
| അനുബന്ധം | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | : | 13 |


Rs.

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-21)

## ഘടന

**അദ്ധ്യക്ഷൻ**

ശ്രീ. കെ. സുരേഷ് കുറുപ്പ്

**അംഗങ്ങൾ**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ശ്രീ. ടി.എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ.എസ്. ബിജിമോൾ

ശ്രീ. വി.കെ.സി. മമ്മത് കോയ

ഡോ. എം.കെ. മുനീർ

ശ്രീ. പി.ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

**ശ്രീ. കെ.വി. വിജയദാസ്

***ശ്രീ. എൻ. വിജയൻപിള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ്. കെ.ജി, ജോയിന്റ് സെക്രട്ടറി

ശ്രീമതി. എ.വി.ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി.

** 2021 ജനുവരി മാസം 18-ാം തീയതി നിര്യാതനായി.

*** 2020 മാർച്ച് മാസം 08-ാം തീയതി നിര്യാതനായി.

Rs.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 73-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ അറുപത്തിമൂന്നാമത് റിപ്പോർട്ടിലെ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2008 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.3 മുതൽ 4.8 വരെയുള്ള ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2021 ജനുവരി ..21

Rs.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16)യുടെ അറുപത്തിമൂന്നാമത് റിപ്പോർട്ടിലെ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2008 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.3 മുതൽ 4.8 വരെയുള്ള ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16)യുടെ അറുപത്തിമൂന്നാമത് റിപ്പോർട്ട് 2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 11 ശിപാർശകളാണുള്ളത്. ഇവയിൽ ശിപാർശ ഖണ്ഡിക 11, 36 എന്നിവയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

1.3 റിപ്പോർട്ടിലെ ശിപാർശ ഖണ്ഡികകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ 14.08.2019 തീയതിയിലെ യോഗത്തിൽ സമിതി പരിഗണിച്ചു.

1.4 സമിതി ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ യഥാസമയം മറുപടി നൽകുന്നതിന് വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന കാലതാമസം സമിതിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഇത്തരം നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ കാലവിളംബം കൂടാതെ മറുപടികൾ ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതിനും നിർദ്ദേശിക്കുന്നു.

1.5 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.6 സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേൽ നാളിതുവരെ സർക്കാർ മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

സമിതി 2016 ൽ സമർപ്പിച്ച ടി റിപ്പോർട്ടിലെ അവശേഷിക്കുന്ന ശിപാർശകളിൽ നാളിതുവരെ മറുപടി ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു.

## അദ്ധ്യായം II

**സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.**

### ഖണ്ഡിക നമ്പർ 6

### ശിപാർശ

2.1.1 കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്ത് പ്രതിഫലദായക പദ്ധതിയിലുൾപ്പെടുത്തിയാണ് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 7.93 ലക്ഷം രൂപ കേരള സംസ്ഥാന ഗ്രാമവികസന ബോർഡിൽ നിന്ന് വായ്പയെടുത്തതെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കെട്ടിടത്തിൽ നിന്ന് പ്രതീക്ഷിക്കുന്ന വരുമാനം 99,000 രൂപയാണെന്നായിരുന്നു ഗ്രാമവികസന ബോർഡിന് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വരുമാന സാക്ഷ്യപത്രത്തിൽ കാണിച്ചിട്ടുള്ളത്. കൃഷിഭവൻ, ആയുർവേദ ആശുപത്രി, സാങ്കേതിക വിഭാഗം ഓഫീസ്, വില്ലേജ് ഓഫീസ്, ഗ്രാമവികസന ഓഫീസ് മുതലായ സർക്കാർ ഓഫീസുകൾക്ക് വാടകയ്ക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന വരുമാനമാണ് ഗ്രാമപഞ്ചായത്ത് പ്രതീക്ഷിച്ചിരുന്നതെങ്കിലും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതോടെ ടി ഓഫീസുകളെല്ലാം പഞ്ചായത്തിന്റെ കീഴിലായതിനെത്തുടർന്ന് വാടക കിട്ടാതായതുകൊണ്ടാണ് വരുമാനദായകമല്ലാതായതെന്ന്

സമിതിയ്ക്ക് ബോദ്ധ്യപ്പെടുന്നു. മിനി സിവിൽ സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിനെടുത്ത വായ്പാത്തുക പലിശസഹിതം തിരികെ അടയ്ക്കുകയും അവശേഷിച്ച തുക എഴുതിത്തള്ളിയതായും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ ക്രമക്കേടുകളെന്തെങ്കിലും സംഭവിച്ചിട്ടുള്ളതായി സമിതി കാണുന്നില്ല. ടി കെട്ടിടത്തിൽ വിവിധ സർക്കാർ ഓഫീസുകൾ വിജയകരമായി പ്രവർത്തിച്ചുവരുന്നുവെന്നും സമിതിയ്ക്ക് ബോദ്ധ്യമാകുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തര നടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പ്രസ്തുത പരാമർശം ഉപേക്ഷിക്കുവാൻ ശിപാർശ നൽകിയിട്ടുണ്ട്. ഈ വിഷയത്തിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ചതായി റിപ്പോർട്ടു ചെയ്തു കൊള്ളുന്നു.

## ഖണ്ഡിക നമ്പർ 22

## ശിപാർശ

2.2.1 പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ 48.50 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി 23.63 ലക്ഷം രൂപ മുടക്കിയിട്ടും പ്രതീക്ഷിച്ച ഗുണഫലം ലഭിക്കാതിരുന്നതായി സമിതി വിലയിരുത്തുന്നു. ശുചിത്വ മിഷന്റെ അംഗീകൃത ഏജൻസി എന്ന നിലയ്ക്ക് കമ്പനിയ്ക്കും പ്രസ്തുത പരാജയത്തിൽ ഉത്തരവാദിത്തമുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.2.2 കേരളത്തിലെ 2-ാം ഗ്രേഡ് നഗരസഭയിൽ ദ്രുതഗതിയിൽ വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു പട്ടണമാണ് പെരിന്തൽമണ്ണ നഗരസഭ. ഹോസ്പിറ്റൽ സിറ്റി എന്നറിയപ്പെടുന്ന ഈ പട്ടണത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ ഉൾപ്പെടെ വലുതും ചെറുതുമായി 20 ഓളം ആശുപത്രികളുണ്ട്. നഗരസഭ നീക്കം ചെയ്യുന്ന മാലിന്യങ്ങളിൽ ഗണ്യമായ ഭാഗം ആശുപത്രികളിൽ നിന്നുള്ള ഖരമാലിന്യങ്ങളായിരുന്നു (ബയോമെഡിക്കൽ വേസ്റ്റ് ഉൾപ്പെടുന്നില്ല). പ്ലാന്റ്

സ്ഥാപിച്ച നാളുകളിൽ ഗുണമേന്മയുള്ളതും, ശാസ്ത്രീയമായി തരം തിരിച്ചതുമായ ജീർണ്ണിക്കുന്ന മാലിന്യങ്ങൾ പ്ലാന്റിന്റെ ശേഷിക്കാനുപാതികമായി ലഭ്യമാകാതെ വന്നത് കൊണ്ട് പ്ലാന്റിന്റെ പ്രവർത്തനം മുടങ്ങിയെങ്കിലും ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

40 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റിന് മേൽക്കൂരയും ചുറ്റും നെറ്റും കെട്ടി സംരക്ഷിച്ച നിലയിലാണ്. നിലവിൽ 300 ഓളം സ്ഥാപനങ്ങളിൽ നിന്ന് ശേഖരിക്കുന്ന ജൈവമാലിന്യം വിൻഡ്രോ കംപോസ്റ്റ് വഴി വളമാക്കുന്നു. 1300 ഓളം വ്യാപാരസ്ഥാപനങ്ങളിലേയും 5000 ൽ അധികം വീടുകളിലും നിന്ന് ശേഖരിക്കുന്ന അജൈവമാലിന്യം തരം തിരിച്ച് ആക്രി വ്യാപാരികൾക്ക് നൽകുന്നു. നിലവാരം കുറഞ്ഞ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്ത് ടാറിങ്ങിനായി ക്ലീൻ കേരള കമ്പനി വഴി നൽകുന്നുണ്ട്. 10 വർഷം മുൻപ് പണിത മേൽക്കൂര തുരുമ്പെടുത്ത് അപകടാവസ്ഥയിൽ ആയതിനാൽ അറ്റകുറ്റപ്പണികൾ നടത്തി വരുന്നുണ്ട്.

ഈ സാഹചര്യങ്ങൾ പരിഗണിച്ച് ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

**ഖണ്ഡിക നമ്പർ 23**

**ശിപാർശ**

**2.3.1** മുനിസിപ്പാലിറ്റി തെരഞ്ഞെടുത്ത പ്ലാന്റിലെ തൊഴിലാളികൾക്ക് പ്ലാന്റിന്റെ നടത്തിപ്പിനാവശ്യമായ പരിശീലനം കമ്പനി നൽകിയിരുന്നില്ലെന്നും വളത്തിന്റെ വിതരണം ഉറപ്പുവരുത്തേണ്ടത് കമ്പനിയുടെ ചുമതലയായിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. മാലിന്യങ്ങൾ ജൈവവളമാക്കി മാറ്റുവാൻ 18 മാസത്തോളം കമ്പനി യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും കരാറിലെ വ്യവസ്ഥകൾക്ക് വിപരീതമായി പരിസ്ഥിതിയ്ക്ക് അപകടകരമായ രീതിയിൽ ഖരമാലിന്യങ്ങൾ കത്തിക്കുകയാണുണ്ടായതെന്നും സമിതി മനസ്സിലാക്കുന്നു. വളത്തിന്റെ വിതരണം ഉറപ്പ് വരുത്തേണ്ടത് കമ്പനിയുടെ ഉത്തരവാദിത്തമാണെന്ന് സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്ഥിതിയ്ക്ക് കരാറിൽ ആ കാര്യം ഉൾപ്പെടുത്താത്തതിന്റെ കാരണം പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**2.3.2** ടെക്നോഗ്രൂപ്പിന്റെ പ്രൊപ്പോസലിൽ 10 ടൺ മാലിന്യത്തിൽ നിന്നും 3 ടൺ ജൈവവളം ഉൽപ്പാദിപ്പിക്കാമെന്നും ഒരു ടൺ ജൈവവളം 2,225/- രൂപ നിരക്കിൽ വിറ്റാൽ പദ്ധതി നടത്തിപ്പ് ചിലവ് 2 ലക്ഷം രൂപ കണക്കാക്കിയാൽ ബ്രേക്ക് ഈവൺ പോയിന്റിൽ എത്തുമെന്നും വളം ടണ്ണിന് 3,600/- രൂപ വില കിട്ടിയാൽ 36 മാസം കൊണ്ട് പ്ലാന്റ് സ്ഥാപിക്കുന്നതിനു വന്ന മുടക്കുമുതൽ തിരിച്ചു പിടിക്കാമെന്നും വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ പ്ലാന്റ് സ്ഥാപിച്ച ചിലവ് തിരിച്ച് പിടിക്കാമെന്ന ഉദ്ദേശ്യത്തേക്കാൾ ഉപരി ശാസ്ത്രീയമായ ഖരമാലിന്യ സംസ്കരണം എന്ന ഉദ്ദേശം മാത്രമായിരുന്നു കൗൺസിലിന്റെ ലക്ഷ്യം. ഉത്പാദിപ്പിക്കുന്ന വളം വിറ്റഴിക്കാൻ നഗരസഭ പരമാവധി ശ്രമിച്ചിട്ടും വാങ്ങുന്നതിന് ഉപഭോക്താക്കളെ ലഭ്യമല്ലാത്ത സാഹചര്യത്തിൽ വളം നീക്കം ചെയ്യേണ്ടത് അത്യാവശ്യമായതിനാൽ പ്ലാന്റ് പരിസരത്ത് നഗരസഭയുടെ വകയായുള്ള തെങ്ങ് തുടങ്ങിയ ഫലവൃക്ഷങ്ങൾക്ക് വളം ഇടുന്നതിന് ഒരു പങ്ക് ഉപയോഗിക്കുകയും ബാക്കി വളം ഉൽപ്പാദിപ്പിക്കുന്ന മുറയ്ക്ക് ജൈവ പച്ചക്കറി കൃഷിക്കും കുടുംബശ്രീ സംരംഭങ്ങൾക്കും പാടശേഖര സമിതികൾക്കും സൗജന്യമായി നൽകുകയാണ് നിലവിൽ ചെയ്തുവരുന്നത്.

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജൈവവളത്തിന്റെ വിതരണം ഉറപ്പ് വരുത്തേണ്ടത് കമ്പനിയുടെ ചുമതലയാണെന്ന് കരാറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല

മാലിന്യസംസ്കരണ പ്ലാന്റിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിക്കുന്നതിന് പൊതുജനങ്ങൾക്കിടയിൽ ആഭിമുഖ്യം കുറവായിരുന്നു എന്നത് കൊണ്ടാണ്, പദ്ധതി വിഭാവനം ചെയ്തത് പോലെ ജൈവവളം മാർക്കറ്റ് ചെയ്യുന്നതിന് കഴിയാതെ പോയത്. ജൈവവളം വിതരണം സംബന്ധിച്ച് നിബന്ധനകൾ കരാറിലുൾപ്പെടുത്താതെ പോയത് മനഃപൂർവ്വമല്ലെന്നും, പിഴവ് മാപ്പാക്കണമെന്നും അപേക്ഷിക്കുന്നു.

## ഖണ്ഡിക നമ്പർ 24

## ശിപാർശ

**2.4.1** ഇപ്പോഴുള്ള സംവിധാനത്തിലൂടെ സംസ്കരിക്കുന്ന മാലിന്യത്തിന്റെ അളവ്, IRTC-ക്ക് നൽകുന്ന OM ചാർജ്ജ് എന്നിവ സംബന്ധിച്ചും മാലിന്യം ശരിയായ

രീതിയിൽ സംസ്കരിച്ചോയെന്നും കമ്പനിയുടെ ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരമാണോയെന്നും പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.4.2 പ്ലാന്റിന്റെ പ്രവർത്തനത്തിൽ ടെക്നോഗ്രൂപ്പ് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ലായെന്ന് കൗൺസിലിന് ബോധ്യമായതിനെത്തുടർന്ന് ടി സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ പുതുക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയും തുടർന്ന് പൂർണ്ണമായും കുടുംബശ്രീ പ്രവർത്തകരുടെ സേവനം ഉപയോഗിച്ച് മലപ്പുറം നഗരസഭയിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റ് നടത്തിവരുന്ന യൂണിറ്റിനെ താൽക്കാലികമായി പ്ലാന്റ് നടത്തിപ്പ് ഏൽപ്പിക്കുകയും ചെയ്തു. പ്ലാന്റിന്റെ നടത്തിപ്പ് കാര്യക്ഷമതയുള്ള ഒരു ഏജൻസിയെ ഏൽപ്പിക്കണമെന്നതിനും റണ്ണിംഗ് കോൺട്രാക്ട് പ്രകാരം വളം യഥാസമയം ഏറ്റെടുക്കാനുള്ള വ്യക്തികളെയോ സ്ഥാപനത്തെയോ കിട്ടുമോ എന്ന കാര്യവും കൗൺസിൽ ആലോചിച്ചതിനെ തുടർന്ന് ഓഫറുകൾ ക്ഷണിച്ച് നിലവിൽ കുടുംബശ്രീ യൂണിറ്റായ ജീവനം സൊല്യൂഷനെയാണ് പ്ലാന്റ് നടത്തിപ്പ് 3 വർഷമായി ഏൽപ്പിച്ചിട്ടുള്ളത്. നിലവിൽ നല്ല വിധം പ്ലാന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പ്ലാന്റിൽ എത്തുന്ന മാലിന്യം തരംതിരിച്ച് ജൈവമാലിന്യം വളമാക്കി മാറ്റുകയും അജൈവമാലിന്യം തരംതിരിച്ച് പ്ലാസ്റ്റിക് ഷ്രെഡിങ്ങ്, ബെയ്‌ലിംഗ് എന്നിവ നടത്തുകയും മറ്റുള്ളവ ആക്രി വ്യാപാരികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 25**

**ശിപാർശ**

2.5.1 കരാറിലെ വ്യവസ്ഥകൾ കമ്പനി ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുകയും ഉണ്ടെങ്കിൽ കമ്പനിക്കെതിരെ നിയമനടപടി സ്വീകരിച്ച് നഷ്ടപരിഹാരം ഈടാക്കുകയും ഇതേവരെ നിയമനടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുന്ന റിപ്പോർട്ട് നൽകുകയും കരാറിൽ മതിയായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ലെങ്കിൽ ആയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുകയും പ്ലാന്റ് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.5.2 പെരിന്തൽമണ്ണ നഗരസഭയിലെ ഖരമാലിന്യ സംസ്കരണത്തിനും പരിപാലനത്തിനുമായി ടെക്നോ ഗ്രൂപ്പ്, ആലുവ എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിരുന്നെങ്കിലും കരാർ വ്യവസ്ഥയിൽ വളം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

പ്ലാന്റിന്റെ പ്രാരംഭ ദിശയിലെ പ്രവർത്തനമായതിനാലും മറ്റ് മാതൃകകളൊന്നും മുന്നിലില്ലാതിരുന്നതിനാലും ആകാം, വളം വിതരണം ചെയ്യുന്നതിൽ ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് സംബന്ധിക്കുന്ന വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്താതിരുന്നതെന്ന് അനുമാനിക്കുന്നതായി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ വിഷയത്തിലുണ്ടായ വീഴ്ചയ്ക്ക് വ്യക്തമായ വിശദീകരണം നൽകുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഖരമാലിന്യ പ്ലാന്റ് സ്ഥാപിച്ചതിന് ശേഷം അൽപകാലം വിവിധ പരാധീനതകൾ മൂലം പ്ലാന്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നതിന് തടസ്സം നേരിട്ടുവെങ്കിലും, ഇപ്പോൾ പ്ലാന്റ് നല്ല രീതിയിൽ നടന്നു വരുന്നുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിച്ചുവരുന്ന കുടുംബശ്രീ സംരംഭമായ ജീവനം സൊല്യൂഷൻസ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ട് നഗരസഭ, പ്ലാന്റ് പ്രവർത്തിപ്പിക്കുന്നു. ആയതിലേയ്ക്ക് 2 പ്രസ്സ് ബെയ്ലിംഗ് മെഷീനുകളും 2 ഷ്രെഡ്ഡിങ്ങ് മെഷീനുകളും 10,66,864/- രൂപ ചെലവിൽ നഗരസഭ സ്ഥാപിച്ചിട്ടുള്ളതാണ്. നഗരസഭയുടെ ഖരമാലിന്യ പ്ലാന്റിൽ പ്രതിമാസം 146 ടൺ ഖരമാലിന്യം പ്രോസസ്സ് ചെയ്തു വരുന്നുണ്ട്. ഇതിൽ നിന്നും 4 ടൺ ജൈവവളം പ്രതിമാസം ഉൽപ്പാദിപ്പിക്കുന്നു. 46,500/- രൂപയുടെ വളം വിൽപ്പന നടത്തിയിട്ടുണ്ട്. പദ്ധതിയിലൂടെ ലഭിച്ച ജൈവവളം നഗരപരിധിയിലെ 200 ഏക്കർ തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനും 34 വാർഡുകളിൽ ജൈവപച്ചക്കറി കൃഷി ചെയ്യുന്നതിനും ഉപയോഗിക്കുന്നതായി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഖരമാലിന്യ സംസ്കരണ രംഗത്ത് മുൻ മാതൃകകൾ ഇല്ലാതിരുന്ന 2007 കാലത്ത്, വിശേഷിച്ച് ഇല്ലാതെ ആരംഭിച്ച മാലിന്യ സംസ്കരണശാലയുടെ ആദ്യ കാലത്തെ നടത്തിപ്പിലും, കമ്പനിയുമായുള്ള കരാർ വ്യവസ്ഥകളിൽ ജൈവവളത്തിന്റെ

മാർക്കറ്റിങ്ങ് സംബന്ധിച്ച വ്യവസ്ഥകൾ ചേർക്കാതിരുന്നതിലും മന:പൂർവ്വമായുള്ള വീഴ്ച സംഭവിച്ചിട്ടില്ലാത്തതിനാൽ മാപ്പാക്കണമെന്നും, ഇപ്പോൾ നല്ല നിലയിൽ പ്ലാന്റ് പ്രവർത്തിച്ച് വരുന്നതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 29**

**ശിപാർശ**

2.6.1 ആർ.ഐ.ഡി.എഫ്. സ്കീം IX-ലും X-ലും അനുവദിച്ച പ്രവൃത്തികളിൽ ആരംഭിക്കാത്ത പ്രവൃത്തികൾക്കുള്ള ചെലവു തുക ഉയർത്താൻ സർക്കാർ അനുവദിച്ചപ്പോൾ 65 ശതമാനം പൂർത്തിയാക്കിയ പ്രസ്തുത പ്രവൃത്തിക്കുള്ള ചെലവുതുകയും ഉയർത്തിയെന്നും എ.ഡി.സി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനമനുസരിച്ചാണ് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തതെന്നും സമിതി മനസ്സിലാക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ചെലവുതുക വർദ്ധിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി, ജില്ലാ ഗ്രാമ വികസന ഏജൻസി, സർക്കാർ, നബാർഡ് എന്നിവയുടെ അംഗീകാരം ലഭിച്ചിരുന്നുവെന്നും ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തരനടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.6.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പ്രസ്തുത പരാമർശം ഉപേക്ഷിക്കുവാൻ ശിപാർശ നൽകിയിട്ടുണ്ട്. പാറശ്ശാല ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഈ ശിപാർശകളിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ചതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 35**

**ശിപാർശ**

2.7.1 വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് 15 ലക്ഷം രൂപ അടങ്കൽ ചെലവിൽ ഒരു മാർക്കറ്റ് കെട്ടിടവും ടാക്സി സ്റ്റാന്റും സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തതിന് 40.29 ലക്ഷം രൂപ ചെലവാക്കുകയും പ്രസ്തുത

സ്ഥലത്തേയ്ക്കുള്ള അപ്രോച്ച് റോഡിന് വീതി കൂട്ടുന്നതിന് സ്ഥലം വാങ്ങാൻ 6.5 ലക്ഷം രൂപ കൂടി ചെലവാക്കുകയും ചെയ്തിട്ടും 2012-13 വരെയും മാർക്കറ്റും ടാക്സി സ്റ്റാന്റും പ്രവർത്തനസജ്ജമാകാതിരുന്നതായി സമിതി മനസ്സിലാക്കുന്നു. ടാക്സി സ്റ്റാന്റ് ഭാഗികമായി പൂർത്തീകരിക്കാൻ 15 ലക്ഷം രൂപയും 2007-08-ൽ 13 ലക്ഷം രൂപയും ചെലവഴിച്ചുവെന്നും ഇനിയും 28 ലക്ഷം രൂപ കൂടി ചെലവഴിച്ചാലേ ആയത് പൂർത്തീകരിക്കാനാകുവെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.7.2 ടാക്സി സ്റ്റാന്റിലേയ്ക്കുള്ള അപ്രോച്ച് റോഡ്, യാർഡ്, ഷെൽട്ടർ എന്നിവ ഉൾപ്പെടെ എല്ലാ പ്രവൃത്തികളും പദ്ധതി വിഭാവനം ചെയ്ത് ലക്ഷ്യങ്ങൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കി 23.12.2013-ൽ പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തു. വെങ്കിടങ്ങ് സെന്ററിൽ പാർക്ക് ചെയ്തിരുന്ന ഓട്ടോറിക്ഷ, കാർ, ഗുഡ്സ് വാഹനങ്ങൾ എന്നിവ പ്രസ്തുത സ്ററാന്റിലാണ് ഇപ്പോൾ പാർക്ക് ചെയ്ത് വരുന്നത്. അത് മൂലം വെങ്കിടങ്ങ് സെന്ററിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മാർക്കറ്റ് കെട്ടിടത്തിലെ എല്ലാ മുറികളും ലേലത്തിൽ പോയിട്ടുണ്ടെന്നും തന്മൂലം 2015 ഏപ്രിൽ മുതൽ പഞ്ചായത്തിന് പ്രതിമാസം 27,173/- രൂപ വരുമാനം ഉണ്ടെന്നും ബോധിപ്പിക്കുന്നു.

മേൽ വസ്തുതകൾ പരിഗണിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകുവാൻ അപേക്ഷിച്ചുകൊള്ളുന്നു.

## ഖണ്ഡിക നമ്പർ 37

## ശിപാർശ

2.8.1 ടാക്സി സ്റ്റാന്റ് യാർഡും മറ്റും പൂർത്തീകരിച്ചത് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും കേരഫല സംസ്കരണ യൂണിറ്റ് പ്രവർത്തനസജ്ജമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.8.2 ടാക്സി സ്റ്റാന്റിന്റേയും അനുബന്ധ സൗകര്യങ്ങളുടേയും നിർമ്മാണം പൂർത്തീകരിച്ച് വസ്തുത ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. സംസ്കരണ വിപണനകേന്ദ്രം എന്ന

SO-07 B/06 നമ്പർ പദ്ധതിയിൽ പറയുന്നത് പട്ടികജാതിയിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബശ്രീ അംഗങ്ങളുടെ മൈക്രോ സംരംഭങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ സംഭരിച്ച് വയ്ക്കുന്നതിനും വിപണനം നടത്തുന്നതിനും സൗകര്യം ഒരുക്കി നൽകുക എന്നതാണ്. ഈ സൗകര്യം പ്രയോജനപ്പെടുത്തുവാൻ സംരംഭകരില്ലാതെ വന്നപ്പോൾ പൊതുജനങ്ങൾക്ക് കെട്ടിടം പരസ്യലേലം ചെയ്ത് നൽകുകയും തന്മൂലം പഞ്ചായത്തിന് പ്രതിമാസം 14,418/- രൂപ ലഭിക്കുകയും ചെയ്യുന്നുണ്ട്. തൊട്ടടുത്തായി മറ്റൊരു കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്. പച്ചക്കറി വിളവെടുപ്പ് കാലങ്ങളിൽ മൈക്രോ സംരംഭകർക്ക് ഈ കെട്ടിടം സംഭരണ വിപണന ആവശ്യത്തിന് തുറന്നുകൊടുക്കുന്നുണ്ടെന്നും ബോധിപ്പിച്ചുകൊള്ളുന്നു.

## ഖണ്ഡിക നമ്പർ 39

## ശിപാർശ

2.9.1 ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയും റിളയൂർ, ഓങ്ങല്ലൂർ, കാവലങ്ങാട്, നെല്ലിക്കുഴി, പിണ്ടിമന എന്നീ ഗ്രാമപഞ്ചായത്തുകളും പൊതു ടാപ്പുകളിൽക്കൂടി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ കരം യഥാസമയം അടയ്ക്കാത്തതിന്റെ ഫലമായി പലിശയും പിഴപ്പലിശയുമിനത്തിൽ 4.17 കോടി രൂപ അധികബാധ്യതയുണ്ടാകുവാൻ ഇടവന്നതായി സമിതി മനസ്സിലാക്കുന്നു. കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്തുകൾ നൽകാനുണ്ടായിരുന്ന കുടിശ്ശിക സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടയ്ക്കുവാൻ തീരുമാനിക്കുകയും പരസ്പരധാരണ പ്രകാരം നിശ്ചയിച്ച തുക ഗ്രാമപഞ്ചായത്തുകളുടെ മെയിന്റനൻസ് ചാർജ്ജിൽ നിന്ന് ഈടാക്കി ജല അതോറിറ്റിയിൽ അടയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ ഈക്കാര്യത്തിന്മേലുള്ള അനന്തര നടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.9.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പ്രസ്തുത പരാമർശം ഉപേക്ഷിക്കുവാൻ ശിപാർശ നൽകിയിട്ടുണ്ട്. ആയതിനാൽ, തുടർനടപടികൾ അവസാനിപ്പിച്ചതായി ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## അദ്ധ്യായം III

## സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേൽ നാളിതുവരെ സർക്കാർ മറുപടി ലഭിക്കാത്ത ശിപാർശകൾ

### ഖണ്ഡിക നമ്പർ 11

### ശിപാർശ

3.1 2002-ൽ നിയമം നിലവിൽ വന്നെങ്കിലും കടവ് സമിതി രൂപീകരിക്കുന്നത് 2007-ലും പാസ് കൊടുത്ത് തുടങ്ങുന്നത് 2009-ലും മാത്രമാണെന്ന് സമിതി നിരീക്ഷിക്കുന്നു. നിയമം നിലവിൽ വന്ന് അത് പ്രാവർത്തികമാക്കാൻ 7 വർഷത്തെ കാലതാമസമുണ്ടായതായി ഇതിൽ നിന്നും വ്യക്തമാകുന്നു. CWRDM-ന്റെ പഠനറിപ്പോർട്ട് പ്രകാരം പ്രസ്തുത കാലയളവിൽ നദീതടത്തിൽ നിന്നും 20000 ലോഡ് മണൽ കൊണ്ടുപോയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നിയമം നടപ്പിലാക്കാത്തതിന്റെ ഫലമായി CWRDM-ന്റെ റിപ്പോർട്ടിലെ ശിപാർശ പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിനും പഞ്ചായത്തിനും ഖനന ഭൂഗർഭ ശാസ്ത്ര വകുപ്പിനുമായി ആകെ ലഭിക്കേണ്ട 18 ലക്ഷം രൂപ നഷ്ടമായതായും സമിതി വിലയിരുത്തുന്നു. നിയമം നിലവിൽ വന്നിട്ട് പഞ്ചായത്ത് ഇക്കാര്യത്തിൽ ഗൗരവമായ യാതൊരു നടപടിയും സ്വീകരിക്കാത്തതും കാലതാമസം വരുത്തിയതും മനഃപൂർവ്വമാണെന്നും അനധികൃതമായി മണൽവാരാൻ ഒത്താശ ചെയ്തുകൊടുത്തുവെന്നും സമിതി അഭിപ്രായപ്പെടുന്നു. ഗ്രാമപഞ്ചായത്തിന്റെ അലംഭാവം മണൽവാരൽ നിയന്ത്രണ നിയമനിർമ്മാണം കൊണ്ടുദ്ദേശിച്ച പരിസ്ഥിതി സംരക്ഷണമെന്ന ലക്ഷ്യം യഥാസമയം സാക്ഷാത്കരിക്കപ്പെടാതെ പോകുന്നതിനിടയാക്കിയതായും സമിതി നിരീക്ഷിക്കുന്നു. നദീതടങ്ങളിൽ നിന്നും മണൽ ഖനനം ചെയ്യുന്നത് സംബന്ധിച്ച് 2001-ലെ നിയമം പ്രാവർത്തികമാക്കാത്തതിന്റെ ഫലമായി 2002 മേയ് മുതൽ 2008 ഡിസംബർ വരെ പഞ്ചായത്തിനും സർക്കാരിനും റിവർ മാനേജ്മെന്റ് ഫണ്ടിനും ലഭിക്കേണ്ടിയിരുന്ന 18 ലക്ഷം രൂപ നഷ്ടമായതും മണൽ കടത്തി സ്വകാര്യ വ്യക്തികൾ നേട്ടമുണ്ടാക്കിയതും സംബന്ധിച്ച് അന്വേഷിച്ച്, ഉത്തരവാദികളെ കണ്ടെത്തി, നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ യോഗത്തിൽ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതിയുടെ പ്രസ്തുത നിർദ്ദേശത്തിന്മേൽ ഒരു മാസത്തിനുള്ളിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക്

ഉറപ്പുനൽകിയെങ്കിലും സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു റിപ്പോർട്ടും സമിതിയ്ക്ക് സമർപ്പിച്ചിട്ടില്ല. സമിതി നിർദ്ദേശപ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 36**

**ശിപാർശ**

3.2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പദ്ധതി വിഹിതം വിനിയോഗിച്ച് സൃഷ്ടിക്കുന്ന ആസ്തികൾ ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ചുനടക്കുന്ന ചർച്ചാവേളയിൽ കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനായി ഏറ്റെടുത്ത ഭൂമിയുടെ ആകെ വിസ്തൃതി, വിനിയോഗം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് നൽകണമെന്ന് നിരവധി പ്രാവശ്യം സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ല എന്ന് സമിതി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. സമിതി നിർദ്ദേശം നിരന്തരം അവഗണിക്കുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം മേല്പറഞ്ഞ വിവരങ്ങൾ അടിയന്തരമായി സമർപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**കെ. സുരേഷ് കുറുപ്പ്,**
**അദ്ധ്യക്ഷൻ,**
**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**

**തിരുവനന്തപുരം,**
**2021 ജനുവരി..21.....**

## അനുബന്ധം
## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/ വകുപ്പ് | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 3.1 | തദ്ദേശ സ്വയംഭരണം | 2002-ൽ നിയമം നിലവിൽ വന്നെങ്കിലും കടവ് സമിതി രൂപീകരിക്കുന്നത് 2007-ലും പാസ് കൊടുത്ത് തുടങ്ങുന്നത് 2009-ലും മാത്രമാണെന്ന് സമിതി നിരീക്ഷിക്കുന്നു. നിയമം നിലവിൽ വന്ന് അത് പ്രാവർത്തികമാക്കാൻ 7 വർഷത്തെ കാലതാമസമുണ്ടായതായി ഇതിൽ നിന്നും വ്യക്തമാകുന്നു. CWRDM-ന്റെ പഠനറിപ്പോർട്ട് പ്രകാരം പ്രസ്തുത കാലയളവിൽ നദീതടത്തിൽ നിന്നും 20000 ലോഡ് മണൽ കൊണ്ടുപോയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നിയമം നടപ്പിലാക്കാത്തതിന്റെ ഫലമായി CWRDM-ന്റെ റിപ്പോർട്ടിലെ ശിപാർശ പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിനും പഞ്ചായത്തിനും ഖനന ഭൂഗർഭ ശാസ്ത്ര വകുപ്പിനുമായി ആകെ ലഭിക്കേണ്ട 18 ലക്ഷം രൂപ നഷ്ടമായതായും സമിതി വിലയിരുത്തുന്നു. നിയമം നിലവിൽ വന്നിട്ട് പഞ്ചായത്ത് ഇക്കാര്യത്തിൽ ഗൗരവമായ യാതൊരു നടപടിയും സ്വീകരിക്കാത്തതും |

| | | | |
|---|---|---|---|
| | | | കാലതാമസം വരുത്തിയതും മന: പൂർവ്വമാണെന്നും അനധികൃതമായി മണൽവാരാൻ ഒത്താശ ചെയ്തുകൊടുത്തുവെന്നും സമിതി അഭിപ്രായപ്പെടുന്നു. ഗ്രാമപഞ്ചായത്തിന്റെ അലംഭാവം മണൽവാരൽ നിയന്ത്രണ നിയമനിർമ്മാണം കൊണ്ടുദ്ദേശിച്ച പരിസ്ഥിതി സംരക്ഷണമെന്ന ലക്ഷ്യം യഥാസമയം സാക്ഷാത്കരിക്കപ്പെടാതെ പോകുന്നതിനിടയാക്കിയതായും സമിതി നിരീക്ഷിക്കുന്നു. നദീതടങ്ങളിൽ നിന്നും മണൽ ഖനനം ചെയ്യുന്നത് സംബന്ധിച്ച് 2001-ലെ നിയമം പ്രാവർത്തികമാക്കാത്തതിന്റെ ഫലമായി 2002 മേയ് മുതൽ 2008 ഡിസംബർ വരെ പഞ്ചായത്തിനും സർക്കാരിനും റിവർ മാനേജ്മെന്റ് ഫണ്ടിനും ലഭിക്കേണ്ടിയിരുന്ന 18 ലക്ഷം രൂപ നഷ്ടമായതും മണൽ കടത്തി സ്വകാര്യ വ്യക്തികൾ നേട്ടമുണ്ടാക്കിയതും സംബന്ധിച്ച് അന്വേഷിച്ച്, ഉത്തരവാദികളെ കണ്ടെത്തി, നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ യോഗത്തിൽ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതിയുടെ പ്രസ്തുത നിർദ്ദേശത്തിന്മേൽ ഒരു മാസത്തിനുള്ളിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് |

| | | | |
|---|---|---|---|
| | | | ഉറപ്പുനൽകിയെങ്കിലും സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു റിപ്പോർട്ടും സമിതിയ്ക്ക് സമർപ്പിച്ചിട്ടില്ല. സമിതി നിർദ്ദേശപ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 3.2 | തദ്ദേശ സ്വയംഭരണം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പദ്ധതി വിഹിതം വിനിയോഗിച്ച് സൃഷ്ടിക്കുന്ന ആസ്തികൾ ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ചുനടക്കുന്ന ചർച്ചാവേളയിൽ കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനായി ഏറ്റെടുത്ത ഭൂമിയുടെ ആകെ വിസ്തൃതി, വിനിയോഗം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് നൽകണമെന്ന് നിരവധി പ്രാവശ്യം സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ല എന്ന് സമിതി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. സമിതി നിർദ്ദേശം നിരന്തരം അവഗണിക്കുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം മേല്പറഞ്ഞ വിവരങ്ങൾ അടിയന്തരമായി സമർപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു. |